**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** **29-08-2022 - ല്‍ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങള്‍ക്ക് സ്ഥിര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എന്‍ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുല്‍ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീന്‍** | | **ശ്രീ. കെ. രാധാകൃഷ്ണന്‍<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാര്‍ലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി കുടുംബത്തിലെ ഒരാള്‍ക്കെങ്കിലും സ്ഥിര വരുമാനമുള്ള തൊഴില്‍ നല്‍കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികള്‍ എല്ലാം തന്നെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനം ലക്ഷ്യം വച്ചിട്ടുള്ളതാണ്. പട്ടികജാതി വിഭാഗത്തില്‍പ്പെട്ട തൊഴില്‍രഹിതര്‍ക്ക് നൈപുണ്യ വികസന പരിശീലന പരിപാടികള്‍ സംഘടിപ്പിച്ച് സംസ്ഥാനത്തും, വിദേശത്തും തൊഴില്‍ ലഭ്യമാക്കുന്നതിനും സ്വയം തൊഴില്‍ സംരംഭങ്ങള്‍ ആരംഭിക്കുന്നതിനും പട്ടികജാതി പട്ടികവര്‍ഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികള്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികജാതി വിഭാഗക്കാര്‍ക്ക് വരുമാനവും തൊഴിലും പ്രധാനം ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത്.<br><br>സ്വയം തൊഴില്‍ സംരംഭങ്ങള്‍ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാര്‍ക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും, ഗ്രൂപ്പുകള്‍ക്ക് 10 ലക്ഷം രൂപ വരെയും സ്വയം തൊഴില്‍ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. വിദേശത്ത് തൊഴില്‍ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതിയുവാക്കള്‍ക്ക് യാത്രാസംബന്ധമായ ചെലവുകള്‍ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളും പ്രസ്തുത പദ്ധതികളിലൂടെ 2021-22 വര്‍ഷത്തില്‍ തൊഴില്‍ ലഭ്യമായവരുടെ വിശദാംശങ്ങളും ചുവടെ ചേര്‍ക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. നൈപുണ്യ വികസന പരിശീലന പരിപാടികൾ - **599**<br><br>2. വിദേശതൊഴിൽ ധനസഹായ പദ്ധതി - **673**<br><br>3. പട്ടികജാതിക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി - **3**<br><br>4. സ്വയം തൊഴിൽ സബ്സിഡി പദ്ധതി - **171**<br><br>ഇതു കൂടാതെ പട്ടികവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതിയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനു വേണ്ടി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പരിശീലനവും തൊഴിലും നൽകുകയെന്ന ലക്ഷ്യത്തോടെ 500 അക്രഡിറ്റഡ് എഞ്ചിനീയർമാരെ പട്ടികവിഭാഗത്തിൽ നിന്നും തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ നഴ്സ്മാർ, പാരാമെഡിക്കൽ സ്റ്റാഫ്, ടീച്ചർമാർ, സോഷ്യൽ വർക്കർമാർ, ലീഗൽ കൗൺസിലർമാർ, അപ്രന്റീസ് ക്ലർക്കുകൾ, മാനേജ്മെന്റ് ട്രെയിനികൾ എന്നിവരെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചവരുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനം ലക്ഷ്യം വച്ചിട്ടുള്ളതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും, വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് വരുമാനവും തൊഴിലും പ്രധാനം ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത്.<br><br>സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും, ഗ്രൂപ്പുകൾക്ക് 10 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ വരെയും സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതിയുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും പ്രസ്തുത പദ്ധതികളിലൂടെ 2021-22 വർഷത്തിൽ തൊഴിൽ ലഭ്യമായവരുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.<br><br>1. നൈപുണ്യ വികസന പരിശീലന പരിപാടികൾ - **599**<br><br>2. വിദേശതൊഴിൽ ധനസഹായ പദ്ധതി - **673**<br><br>3. പട്ടികജാതിക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി - **3**<br><br>4. സ്വയം തൊഴിൽ സബ്സിഡി പദ്ധതി - **171**<br><br>ഇതു കൂടാതെ പട്ടികവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതിയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനു വേണ്ടി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പരിശീലനവും തൊഴിലും നൽകുകയെന്ന ലക്ഷ്യത്തോടെ 500 അക്രഡിറ്റഡ് എഞ്ചിനീയർമാരെ പട്ടികവിഭാഗത്തിൽ നിന്നും തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ നഴ്സ്മാർ, പാരാമെഡിക്കൽ സ്റ്റാഫ്, ടീച്ചർമാർ, സോഷ്യൽ വർക്കർമാർ, ലീഗൽ കൗൺസിലർമാർ, അപ്രന്റീസ് ക്ലർക്കുകൾ, മാനേജ്മെന്റ് ട്രെയിനികൾ എന്നിവരെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് തൊഴിൽ നൽകിയതെന്ന് വ്യക്തമാക്കുമോ? | (സി) | വിവരസാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എൻജിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ആയുർവേദ നഴ്സിംഗ്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ